പതിമൂന്നാം കേരളനിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5674      29.07.2015 ൽ മറുപടിക്ക്

## കേസുകളിൽ പോലീസിനെ സഹായിക്കുന്നവർക്ക് പ്രോത്സാഹനവും സംരക്ഷണവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.തിലോത്തമൻ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | പ്രമാദമായ പല കേസുകളിലും നിർണ്ണായകമായ വിവരങ്ങൾ നൽകി പോലീസിനെ സഹായിക്കാൻ സന്നദ്ധരാകുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണുള്ളത് എന്ന് പറയാമോ ; ഈ സർക്കാർ വന്നതിനുശേഷം എത്ര കേസുകളിൽ ഇത്തരം സഹായങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് പറയാമോ ? | (എ) | കേസുകളുടെ അന്വേഷണത്തിന് സഹായകമായ വിവരങ്ങൾ പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കാറുണ്ട്. ഇവർക്ക് ആവശ്യമായ പ്രോത്സാഹനവും സഹായങ്ങളും നൽകി വരുന്നതും ലഭിക്കുന്ന വിവരങ്ങളുടെ ഉറവിടം സംബന്ധിച്ച് രഹസ്യ സ്വഭാവം കാത്തു സൂക്ഷിച്ച് വരുന്നതുമാണ്. ലഭിക്കുന്ന വിവരം സംബന്ധിച്ച് രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കുന്നത് മൂലം ഇപ്രകാരം ലഭിക്കുന്ന സഹായങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താറില്ല |
| (ബി) | മയക്ക് മരുന്നുകളുടെയും അനധികൃത മദ്യത്തിന്റെയുമെല്ലാം വ്യാപനം തടയുന്നതിനും മാൻമിസ്സിംഗ് കേസുകൾ, ആൾമാറാട്ടകേസുകൾ തുടങ്ങിയവയിലും ഇത്തരത്തിലുള്ള സഹായങ്ങൾ സ്വീകരിക്കാറുണ്ടോ ; ഇത്തരത്തിലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ പോലീസ് സത്വര നടപടി സ്വീകരിക്കാറുണ്ടോ ? | (ബി) | ഇപ്രകാരമുള്ള കേസുകളിൽ ലഭിക്കുന്ന വിവരങ്ങളിൽ ശരിയായ രീതിയിൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്. |

Rajani.M
സെക്ഷൻ ഓഫീസർ

8